**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/034/2026

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 10-08-2026**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. ആന്റണി വർക്കി,<br>തേയ്ക്കാനത്ത് വീട്, മാതകുളങ്ങര റോഡ്,<br>പഴങ്ങനാട്, കിഴക്കമ്പലം പി. ഒ.<br>എറണാകുളം ജില്ല - **683562** |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ കേരള<br>സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,<br>കിഴക്കമ്പലം, എറണാകുളം ജില്ല. |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ. ആന്റണി വർക്കി ലൈസെൻസിയായ **KSEBL**-ന്റെ കിഴക്കമ്പലം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള ഒരു ഉപഭോക്താവാണ്. ലൈസെൻസി മാതകുളങ്ങര ഭാഗത്തേയ്ക്ക് **11kV** ലൈൻവലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി പരാതിക്കാരന്റെ പുരയിടത്തിന് പുറത്തായുള്ള പഞ്ചായത്ത് റോഡിൽ **double pole structure** സ്ഥാപിക്കുകയുണ്ടായി. അങ്ങനെ സ്ഥാപിച്ച ലൈനിന്റെ കുറേഭാഗം പരാതിക്കാരന്റെ പുരയിടത്തിലേയ്ക്ക് കടന്നിരിക്കുന്നതായും കൂടാതെ അദ്ദേഹത്തിന്റെ സ്ഥലത്ത് അതിക്രമിച്ചുകയറി കേബിളും മറ്റു സാധനങ്ങളും സംഭരിച്ചുവയ്ക്കുക വഴി കൃഷിചെയ്തിരുന്ന കാര്ഷികവിളകൾക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്തു എന്നതാണ് പരാതി. ലൈൻ മാറ്റി സ്ഥാപിക്കണമെന്നും നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കണമെന്നും ആവശ്യപ്പെട്ട് **CGRF (Central Region)**-ന് പരാതി നൽകുകയുണ്ടായി.

OP/106/25-26 ആയി ഫയലിൽ സ്വീകരിച്ച പരാതിയിൽ നടപടികൾ പൂർത്തിയാക്കി CGRF, 27/04/2026-ൽ ഉത്തരവ് പുറപ്പെടുവിച്ചു. CGRF-ന്റെ ഉത്തരവിന്മേലുള്ള അപ്പീലായിട്ടാണ് ഈ പരാതി വൈദ്യുതി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിരിക്കുന്നത്.

## പരാതിക്കാരന്റെ വാദം

കിഴക്കമ്പലം ഇലക്ട്രിക്കൽ സെക്ഷൻ കീഴിലുള്ള കിഴക്കമ്പലം പഞ്ചായത്ത് പഴങ്ങനാട് പതിനഞ്ചാം വാർഡിൽ മാതകുളങ്ങര ഭാഗത്തേക്ക് കേബിൾ ലൈൻ വലിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് റോഡിൽ നിന്നും എന്റെ വക സ്ഥലത്തിന്റെ അകത്തേക്ക് സർവ്വേ നമ്പർ 256/6-5 എന്റെ consent ഇല്ലാതെ AB കണക്ഷൻ വച്ചിരിക്കുന്നത് എന്റെ സ്ഥലത്തേക്ക് തള്ളി നിൽക്കുകയാണ്. ഇഷ്ടം പോലെ മറ്റ് തുറസ്സായ സ്ഥലങ്ങൾ ഉണ്ടായിട്ടും എങ്ങോട്ടെങ്കിലും മാറ്റി വയ്ക്കുവാൻ ഞാൻ ആവശ്യപ്പെട്ടപ്പോൾ കോൺട്രാക്ടർ എന്നെയും എന്റെ ഭാര്യയെയും ഭീക്ഷണി മുഴക്കി കൊണ്ട് ഹിന്ദിക്കാർ പണിക്കാരെകൊണ്ട് ബലമായി എന്റെ സ്ഥലത്തേക്ക് കയറ്റി തന്നെ ഫിറ്റ് ചെയ്യുകയായിരുന്നു. എന്റെ സ്ഥലത്ത് ജാതിയും, കമുകും, കുരുമുളകും, റമ്പുട്ടാനും മറ്റും കൃഷി ചെയ്തിരിക്കുകയാണ്. കൃഷിയാണ് ഞങ്ങളുടെ ഉപജീവനമാർഗ്ഗം. ഞാനൊരു ഹാർട്ട് രോഗി കൂടിയാണ്. എന്റെ കൺസെന്റ്റ് ഇല്ലാതെയാണ് AB കണക്ഷനും, സ്റ്റേ വയറും വലിച്ചിരിക്കുന്നത്. ഇത് വളരെയേറെ അപകടങ്ങൾക്ക് സാധ്യതയേറുന്നു. ആയതിനാൽ ധിക്കാരപരമായ ഈ പെരുമാറ്റത്തിന് അവിടുന്ന് അന്വേഷിച്ച് കോൺട്രാക്ടർക്ക് മേൽ കർശന ശിക്ഷാ നടപടി സ്വീകരിക്കണമെന്നും ഞങ്ങൾക്ക് മാന്യമായ നഷ്ടപരിഹാരം കോൺട്രാക്ടറുടെ പക്കൽ നിന്നും ഈടാക്കി നൽകണമെന്നും, ഇതിന് തീരുമാനം ആകുന്നത് വരെ കോൺട്രാക്ടറുടെ ബില്ലുകൾ തടഞ്ഞു വയ്ക്കണമെന്നും താഴ്മയായി അപേക്ഷിക്കുന്നു.

കൂടാതെ ഇവരുടെ പണി കഴിഞ്ഞ് ബാക്കി വന്ന ഒത്തിരി നീളം വരുന്ന കേബിളുകൾ എന്റെ അനുവാദമില്ലാതെ കാർഷികവിളകൾക്ക് മേൽ അലസമായി കൂട്ടിയിട്ടിരിക്കു കയാണ്. നാളിതുവരെ ഇത് മാറ്റിയിട്ടില്ല. രണ്ടു മാസത്തിലേറെയായി. ഇതിനെല്ലാം പരിഹാരം ഉണ്ടാക്കി തരണമെന്ന് അപേക്ഷിക്കുന്നു. ഞാൻ ഇതിനുമുമ്പ് സെക്ഷനുകളിലേക്ക് അയച്ച പരാതികളുടെ കോപ്പിയും എന്റെ സ്ഥലത്ത് അലസമായി ഇട്ടിരിക്കുന്ന കേബിളുടെ ഫോട്ടോയും ഇതിനോടൊപ്പം ഹാജരാക്കുന്നു.

മേൽ പറഞ്ഞിരിക്കുന്ന വിഷയത്തിന്റെ ഭാഗമായി 02.8.25ൽ ദി അസിസ്റ്റന്റ് എഞ്ചിനീയർ, കിഴക്കമ്പലം, ദി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ

സെക്ഷൻ, പെരുമ്പാവൂർ എന്നിവർക്കു പരാതി കൊടുക്കുകയുണ്ടായി. എന്നാൽ ഇവിടെങ്ങളിൽ നിന്നും യാതൊരു മറുപടിയും കിട്ടാത്തതിനാൽ **CGRF Chairperson** മുൻപാകെ ഒരു പരാതി കൊടുക്കുകയും എന്നെ **Hearing** ന് വിളിച്ചു ഒരു ഒത്തുതീർപ്പ് വ്യവസ്ഥയിൽ **Cross bar** ഉം എന്റെ വസ്തുവിലേക്ക് **Project** ചെയ്തു നിൽക്കുന്ന മറ്റു സാധനങ്ങളും **30** ദിവസങ്ങൾക്കുള്ളിൽ മാറ്റുവാൻ ഉത്തരവിട്ടു. എന്നാൽ **30** ദിവസത്തിനു ശേഷവും യാതൊരു നടപടിയും എടുക്കാത്തതിനാൽ **AB switch,** എന്റെ വസ്തുവിലേക്കു **project** ചെയ്തിരിക്കുന്ന എല്ലാം മറ്റൊരു അനുയോജ്യമായ അടുത്ത സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണമെന്ന് അപേക്ഷിക്കുന്നു.

എന്റെ വസ്തുവിന്റെ സൈഡിൽ നട്ടിരുന്ന കാർഷിക വിളകൾക്കു കേട് വരുത്തി അതിന്റെ മീതെ എന്റെ അനുവാദം കൂടാതെ ബാക്കിവന്ന കേബിളുകൾ **4** മാസത്തോളം അലസമായി ഇട്ടിരിക്കുകയായിരുന്നു. കൂടാതെ ഈ കേബിളുകൾ ഇടാൻ വന്ന **Contractor** എന്നെയും എന്റെ ഭാര്യയെയും ചീത്തവിളിച്ചും, ഭീഷണിപ്പെടുത്തിയുമാണ് **Electric Post** ഉം **AB Switch** ഉം **Stay Wire** ഉം മറ്റും സ്ഥാപിച്ചത്. ഞാൻ ഒരു **Heart** രോഗി കൂടിയാണ്. ഇതിന് എനിക്കുണ്ടായ നഷ്ടങ്ങൾക്കും, മാനഹാനിക്കും പരിഹാരം ഉണ്ടാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

## എതിർകക്ഷിയുടെ വാദം

Sri. Antony Varkey has filed a complaint before the State Electricity Ombudsman alleging that the projection of a cross arm towards his property without his consent. The work mentioned in the complaint is part of the Revamped Distribution Sector Scheme (RDSS) project for drawing 900 meters of 11 kV ABC line from Cheriyan Transformer to Mathakulangara and installing a transformer to mitigate the low voltage issues in the area and to improve the reliability of power supply. The proposed line is drawn mainly through the existing LT line route, and the existing poles were replaced with 9 meter PSC poles as part of the scheme.

For the purpose of isolation and operational safety, an AB switch has been installed near the property of Sri. Antony Varkey by erecting a double pole structure. The existing stay located in the property of the complainant was replaced with an HT V-type stay for ensuring proper mechanical support and safety of the line.

As per the order of the CGRF (Order No. CGRF-CR/OP No.106/2025-26/45 dtd 27.04.26), necessary modifications were carried out to address the grievance raised by the petitioner. For. connecting the 11 kV ABC line to the AB switch, the existing 2.4 m channel was shifted to one side using a side arm. The MVT was also relocated accordingly and positioned towards the public road. Consequently, no live electrical part now exists within the petitioner's property.

The work was included under the RDSS scheme, and the ABC works in the Perumbavoor Division were awarded to a contractor. During the implementation period, the contractor was engaged at other work sites and was also facing a shortage of labourers. Due to these circumstances, there was a delay in complying with the CGRF order.

Subsequently, the work was completed on 12.06.2026, and the petitioner was informed regarding the completion of the work and compliance with the CGRF order.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **23/07/2026**-ന് രാവിലെ **11:00**-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഡി.എച്ച്. റോഡ് എറണാകുളം ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ. ആന്റണി വർക്കി, എതിർകക്ഷിയായ ശ്രീമതി. പ്രസീദ പി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കിഴക്കമ്പലം, എറണാകുളം എന്നിവരാണ് പങ്കെടുത്തത്.

പരാതിക്കാരന്റെ അനുമതിയില്ലാതെ അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിലേയ്ക്ക് അതിക്രമിച്ചുകയറി ലൈൻ സ്ഥാപിക്കുകയും കാർഷികവിളകൾക്ക് നാശനഷ്ടമുണ്ടാകുകയും ചെയ്തു എന്നാണ് പരാതി. ആ പ്രദേശങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന **low voltage** പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി **RDSS** സ്കീമിൽ ഉൾപ്പെടുത്തി. ഏകദേശം **900** മീറ്ററിലേയ്ക്ക് ഒരു പുതിയ **11 kV** ലൈൻ സ്ഥാപിക്കുകയും പുതുതായി ഒരു ട്രാൻസ്ഫോർമർ കൂടി സ്ഥാപിക്കുകയും ചെയ്തു എന്ന് എതിർകക്ഷി അറിയിച്ചു. പരാതിക്കാരന്റെ പുരയിടത്തിന് പുറത്തായി ഒരു **two pole structure** സ്ഥാപിക്കുകയും അതിൽ **line isolation** -ന് വേണ്ടി ഒരു **AB Switch** കൂടി സ്ഥാപിക്കുകയും ചെയ്തു. **11 kV** ലൈനിന്റെ സുരക്ഷയ്ക്കുവേണ്ടിയാണ് ഇവ സ്ഥാപിച്ചത് എന്നാണ് എതിർകക്ഷി വിശദമാക്കിയത്. **ABC conductor** ഉപയോഗിച്ചാണ് ലൈൻ സ്ഥാപിച്ചിട്ടുള്ളത്. ആദ്യം സ്ഥാപിച്ചിരുന്ന **cross arm** പരാതിക്കാരന്റെ പുരയിടത്തിലേയ്ക്ക് കടന്നിരുന്നു എന്നാണ് പരാതി. കൂടാതെ അവിടെ നിലവിലുണ്ടായിരുന്ന ഒരു **stay wire** മാറ്റി **V** ആകൃതിയിലുള്ള പുതിയ **stay wire** സ്ഥാപിക്കുകയും ചെയ്തു. പ്രസ്തുത **two pole structure**-ൽ നിന്നും **75 meter** അകലെ സ്ഥാപിച്ചിരിക്കുന്ന ചെറിയാൻ ട്രാൻസ്ഫോർമറിൽ നിന്നാണ് ഈ **11 kV line** ആരംഭിച്ചിരിക്കുന്നതും ഏകദേശം **900** മീറ്റർ അകലെ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമറിൽ എത്തിച്ചിരിക്കുന്നതും കാലാകാലങ്ങളിലുണ്ടാകുന്ന അധിക വൈദ്യുതി ഉപഭോഗത്തിനനുസൃതമായി വൈദ്യുത വിതരണ ശൃംഖലമെച്ചപ്പെടുത്തേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്വമാണെന്ന് **Kerala Electricity Suppy Code, 2014** ലെ റെഗുലേഷൻ **4** ൽ വിശദീകരിച്ചിട്ടുണ്ട്.

***4. Duty to develop, maintain and extend the distribution system. -***

> ***(1)*** *The distribution licensee shall develop and maintain an efficient, coordinated and economical system in his area of supply.*
>
> ***(2)*** *The licensee is responsible for ensuring that its distribution system is upgraded, extended and strengthened to meet the demand for electricity in its area of supply.*
>
> ***(3)*** *The licensee shall ensure that all electricity supply lines and equipment that are belonging to the licensee or under its control in the premises of the consumer, are in a safe condition and are fit in all respects for supplying energy and further the licensee shall take adequate precaution to avoid danger that may arise in such premises from such supply lines and equipment.*

അതോടൊപ്പം തന്നെ ലൈനിന്റെയും ഉപകരണങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതും ലൈസൻസിയുടെ കടമയാണ്. ലൈൻ പുരയിടത്തിനകത്തുകൂടി കടന്ന് കാർഷികവിളകൾ / മരങ്ങളിൽ തട്ടത്തക്കരീതിയിൽ വലിച്ചാൽ അത് സുരക്ഷയ്ക്ക് ഭീഷണിയാകുമെന്നതിൽ സംശയമില്ല. അതിനാൽ **CGRF** - ന്റെ ഉത്തരവിൽ വലിയ **cross arm** ഉപയോഗിച്ച് **ABC** ലൈനിനെ പൂർണമായും റോഡിന് മുകളിലൂടെയാക്കാൻ നിർദ്ദേശിച്ചിരുന്നു. ആ നിർദ്ദേശം പൂർണമായും പാലിച്ചു എന്നാണ് എതിർകക്ഷി അറിയിച്ചിട്ടുള്ളത്. എന്നാലും **AB Switch** ലെയ്യെടുത്തിരിക്കുന്ന **live conductor** നിലവിലുണ്ടെങ്കിൽ അവയൊക്കെ ശരിയായ രീതിയിലുള്ള **insulation** ഉപയോഗിച്ച് അപകട സാധ്യത ഒഴിവാക്കേണ്ടതാണ്. എതിർകക്ഷി സ്ഥലംപരിശോദിച്ച് **live conductors** മരങ്ങളിൽ തട്ടാൻ സാധ്യതയില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

നേരത്തെ അവിടെ നിലനിന്നിരുന്ന ഒരു പോസ്റ്റ് മാറ്റിയാണ് **two pole structure** സ്ഥാപിച്ചത്. അവിടെ നിലവിലുണ്ടായിരുന്ന **single stay** മാറ്റിയാണ് **V-**ആകൃതിയിലുള്ള **stay** സ്ഥാപിച്ചത്. രണ്ട് **pole** കളും സുരക്ഷിതമാക്കുന്നതിനുവേണ്ടിയാണ് ആ മാറ്റം വരുത്തിയത്. പരാതിക്കാരനുണ്ടാകാനിടയുള്ള അസൗകര്യം പരമാവതി കുറയ്ക്കുന്നതിനുവേണ്ടിയാണ് രണ്ട് **stay** കൾക്ക് പകരം ഒറ്റ **V-**ആകൃതി **stay** സ്ഥാപിച്ചത്.

പരാതിക്കാരന്റെ അനുമതിയില്ലാതെ ഈ പണി ഏറ്റെടുത്ത കരാറുകാരൻ പുരയിടത്തിൽ കേബിളും മാറ്റ് സാധനങ്ങളും സംഭരിക്കുകയും അതുവഴി വിളകൾക്ക് നാശമുണ്ടാകുകയും ചെയ്തു എന്നാണ് മറ്റൊരുപരാതി. തെളിവെടുപ്പ് സമയത്ത് ഹാജരാക്കിയിട്ടുള്ള ചിത്രങ്ങളിൽ നിന്നും ഇത്

വ്യക്തമാകുന്നു. അനുമതിയില്ലാതെ വസ്തുവിൽ അതിക്രമിച്ചുകടന്ന് സാധനങ്ങൾ അവിടെ സൂക്ഷിച്ചിരുന്നുവെങ്കിൽ അത് തെറ്റായിത്തന്നെ കണക്കാക്കേണ്ടിയിരിക്കുന്നു. എതിർകക്ഷി സ്ഥലം പരിശോധിച്ച് വിളനാശം തിട്ടപ്പെടുത്തി അതിന്റെ നഷ്ടം കരാറുകാരനിൽനിന്നും ഈടാക്കിനൽകേണ്ടതാണ്.

ഈ two pole structure സ്ഥാപിച്ച സ്ഥലത്തുനിന്നും ഏകദേശം 30 മീറ്റർ പുറകോട്ടായിരുന്നെങ്കിൽ അവിടെ റോഡിന് 8 മീറ്റർ വീതി ഉണ്ടായിരിന്നു എന്നും അവിടെ ഇവ സ്ഥാപിച്ചില്ല എന്നുമുള്ള ആക്ഷേപം പരാതിക്കാരൻ ഉന്നയിച്ചു. ഇത് സ്ഥാപിച്ചിരിക്കുന്ന ഭാഗത്തെ റോഡിന് വീതികുറവായതിനാൽ ഗതാഗതത്തിന് അസൗകര്യം ഉണ്ടാകാനിടയുണ്ട് എന്നും ആരോപിച്ചു. ചില സാങ്കേതികകാരണങ്ങളാലാണ് ആ ഭാഗത്ത് ഇവ സ്ഥാപിക്കാൻ കഴിയാതിരുന്നത് എന്ന എതിർകക്ഷി വിശദമാക്കി.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1) CGRF ന്റെ ഉത്തരവ് പൂർണമായും നടപ്പിലാക്കുക.
2) Double pole structure ൽ ഉപയോഗിച്ചിട്ടുള്ള live conductors അനുയോജ്യമായ രീതിയിൽ insulate ചെയ്ത് അപകട സാധ്യത ഒഴിവാക്കേണ്ടതാണ്.
3) കരാറുകാരന്റെ ചെയ്തികൾ മൂലം പരാതിക്കാരന്റെ വിളകൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അത് എതിർകക്ഷി പരിശോധിക്കുകയും അതിനുള്ള നഷ്ടപരിഹാരം കരാറുകാരനിൽനിന്നും ഈടാക്കി നൽകേണ്ടതുമാണ്.
4) ഈ ഉത്തരവുകൾ 30 ദിവസത്തിനകം നടപ്പിലാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
5) മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/034/2026/ തീയതി: 10/08/2026.**

**അയക്കുന്നത്:**

1. ശ്രീ. ആന്റണി വർക്കി, തേയ്ക്കാനത്ത് വീട്, മാതകുളങ്ങര റോഡ്, പഴങ്ങനാട്, കിഴക്കമ്പലം പി. ഒ. എറണാകുളം ജില്ല - **683562.**
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കിഴക്കമ്പലം, എറണാകുളം ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം - **10.**
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - **4.**
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കളമശ്ശേരി, എറണാകുളം - **683503.**